"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - കൊല്ലം ജില്ല - പുനലൂർ മുനിസിപ്പാലിറ്റിയിലെ വാളക്കോട് എൻ.എസ്.വി. സ്കൂൾ പന്ത്രണ്ടേക്കർ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് കരാറിലേർപ്പെട്ടതിലെ കാലതാമസം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.428/2025/DMD തീയതി,തിരുവനന്തപുരം, 27-06-2025

---

പരാമർശം:- 1. സ.ഉ.(സാധാ)നം.826/2022/ഡി.എം.ഡി, തിയതി 16.11.2022.

2. സ.ഉ.(സാധാ)നം.536/2024/ഡി.എം.ഡി, തിയതി 30.07.2024

3. കൊല്ലം ജില്ലാ കളക്ടറുടെ 24.05.2025 തീയതിയിലെ DCKLM/4288/2023-DM1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ പുനലൂർ മുനിസിപ്പാലിറ്റിയിലെ വാളക്കോട് എൻ.എസ്.വി. സ്കൂൾ പന്ത്രണ്ടേക്കർ റോഡ് പ്രവൃത്തിക്ക് പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. മേൽ പ്രവൃത്തി കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചെങ്കിലും കരാറിൽ ഏർപ്പെട്ടതിലെ കാലതാമസം സാധൂകരിച്ച് നൽകണമെന്ന് പരാമർശം (3) കത്ത് പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെ ശിപാർശ പരിഗണിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന കൊല്ലം ജില്ലയിലെ പുനലൂർ മുനിസിപ്പാലിറ്റിയിലെ വാളക്കോട് എൻ.എസ്.വി. സ്കൂൾ പന്ത്രണ്ടേക്കർ റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ കരാറിലേർപ്പെട്ടതിലെ കാലതാമസം സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JUSTIN JOY J

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/(എ&ഇ),
കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ.&പി.ആർ.ഡി.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (ഫയൽ നം. DMB2/113/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by

Kumari Rekha S R

സെക്ഷൻ ഓഫീസർ

Date: 27-06-2025 16:00:01

പകർപ്പ് : ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്